# സൗപർണ്ണികാതീരഭ്രൂവിൽ

സുരേഷ് ചന്ദ്രോത്ത്

**യാത്രാസഞ്ചി**

**ഭാഗം രണ്ട്**

കൊല്ലൂരിൽ പുലർച്ചെ ആറരയ്ക്ക് ഞങ്ങളെത്തി. പണിനടന്നു കൊണ്ടിരിക്കുന്ന ബസ്സ്റ്റാന്റ്. ഫോറസ്റ്റ് സ്റ്റേഷന്റെ കെട്ടിടങ്ങൾ. പുകയുയരുന്ന ഹോട്ടലുകൾ. ജനവാസമുള്ള ഈ വൃത്തത്തിനു പുറത്തെങ്ങും വനകാന്തി. പകൽവെളിച്ചത്തിൽ ഞങ്ങളുടെ കോട്ടയം സുഹൃത്തിനെ നന്നായി കണ്ടു. മുപ്പത്തിരണ്ടു കഴിഞ്ഞ ഈ അവിവാഹിതൻ പുകച്ചും കുടിച്ചും ജീവിതം ധൂർത്തടിക്കുന്ന ഒരാളാണ്. മലയാളികളെ പുച്ഛിക്കുന്നതിൽ മാത്രമല്ല ധാരാളമായി എന്തെങ്കിലുമൊക്കെ സംസാരിക്കുന്നതിലും ഒരുപാട് ആനന്ദം കണ്ടെത്തുന്ന ആൾ . ഞങ്ങൾ സൗപർണ്ണികാനദീതീരത്തേയ്ക്കു നടന്നു. കുളി കഴിഞ്ഞ് ഈറനായി മൂകാംബികാദേവിയെ കാണാൻ പോകുന്നവർ, തലങ്ങും വിലങ്ങും കസവുവെച്ച പലനിറപട്ടുപാവാടകൾ ചുറ്റിയ പത്തിൽ താഴെ പ്രായമുള്ള പെൺകിടാങ്ങൾ. തലേന്നത്തെ മഴയിൽ ചെറുതായി കലങ്ങിയിട്ടുണ്ട്. കുറച്ചകലെ പടവുകൾ കെട്ടിയിറക്കിയിരിക്കുന്നു. അവിടെയാണ് തിരക്കധികം. സ്ത്രീകളും കുട്ടികളും പുരുഷന്മാരുമടങ്ങിയ വലിയൊരു കൂട്ടം അവിടെയുണ്ട്. മറ്റൊരിടത്ത് രണ്ടുനാല് പേർ മാത്രം കുളിക്കുന്ന ഒരു തിരിവിൽ ഞങ്ങളിറങ്ങി. സൗപർണ്ണികാനദി. ഔഷധസസ്യങ്ങളുടെ വേരുകൾ തഴുകി, ഇലകൾ കുളിച്ച്, മണ്ണു കലങ്ങി ഉറവെട്ടുന്നു വരുന്ന പ്രവാഹം. കണ്ണീർക്കണം പോലെ നിർമ്മലമാണ് സൗപർണ്ണികയിലെ വെള്ളമെന്ന് കൃഷ്ണപ്രസാദ് പറഞ്ഞുതന്നു. ഞങ്ങൾ ഇറങ്ങി കുളിച്ചു. കഴുത്തൊപ്പം വെള്ളത്തിൽ ഇറങ്ങി നിന്ന്, വീഴാതിരിക്കാൻ നിയന്ത്രിക്കുമ്പോൾ, നദിയുടെ ആരംഭത്തിലേക്കു നടക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്നാഗ്രഹിച്ചു നദിയൊഴുകിച്ചേരുന്ന സമുദ്രത്തിൽ ഒരു തുള്ളിയാവണം, തുടക്കത്തിലെ ഒരു തുള്ളിയാവാൻ കഴിഞ്ഞാൽ മതി.

മൂകാംബിക ക്ഷേത്രത്തിനും സൗപർണ്ണികയ്ക്കും പിന്നിൽ നിരവധി കഥകളുണ്ട്. ശരിക്കും മലയാളികളുടെ തിരക്കാണ് അധികവും. എം. ടിയുടെ വാനപ്രസ്ഥമെന്ന മനോഹരമായ കഥയിലൂടെയും പിന്നീട് സിനിമയിലൂടെയും അതിനുമുമ്പ് യേശുദാസിന്റെ ജന്മസന്ദർശനവാർത്തയിലൂടെയും അതിനുമുമ്പ് ഏതോ ഞായറാഴ്ചപ്പതിപ്പിലെ ഫീച്ചറിലൂടെയും എന്റെ മനസ്സിൽ ഈ ദേശം കയറിപ്പറ്റിയിരുന്നു. മുൻപ് ഒന്നുരണ്ടു തവണ പുറപ്പെടാൻ ഭാവിച്ചതുമാണ്. കഴിഞ്ഞില്ല. ഇപ്പോൾ എത്ര യാദൃച്ഛികമായിട്ടാണ് ഞാനിവിടെ നിൽക്കുന്നത്!

കുളി കഴിഞ്ഞ് റോഡിലെത്തിയപ്പോൾ കൃഷ്ണപ്രസാദ് ഭാവം മാറി. സംസാരം കുറയുകയും വിശപ്പിനെ പറ്റി ബോധവാനാവുകയും ചെയ്തു അയാൾ. രാജഗോപാലായിരുന്നു ഏറിയ പങ്കും അയാളോട് സംസാരിച്ചിരുന്നത്. രാവിലെ മദ്യത്തിന്റെ, ആനന്ദത്തിന്റെ ഒരു 'ചെറുതു'മായി മലകയറിയാലോ എന്നായി അയാൾ. എനിക്കയാളെ മടുത്തു തുടങ്ങിയിരുന്നു. അപരിചിതരെ, പ്രത്യേകിച്ച് നാലഞ്ചു സംഭാഷണത്തിനു ശേഷവും ഇഷ്ടപ്പെടാൻ കഴിയാത്തവരെ തുടർന്നു സഹിക്കാൻ എനിക്കു വളരെ പ്രയാസമാണ്. മൂകാംബികാക്ഷേത്രത്തിൽ പോകുക എന്നത് എന്റെയും രാജഗോപാലിന്റേയും യാത്രാലക്ഷ്യമാണ്. കൃഷ്ണപ്രസാദ് അതറിഞ്ഞപ്പോൾ താല്പര്യം കാണിച്ചില്ല. "മദ്യപിക്കില്ലേ?" അയാൾ എന്റെ സുഹൃത്തിനോട് ചോദിച്ചു 'ഇല്ല' എന്റെ സുഹൃത്തു പറഞ്ഞു. കൃഷ്ണപ്രസാദ് പിന്നീട് പ്രതീക്ഷയോടെ എന്നെയാണ് നോക്കിയത്. താടിയും മുടിയും അവശതപ്പെട്ട രൂപവും കഥാകൃത്താണെന്ന പരിഗണനയും വച്ചാവണം ആ പ്രതീക്ഷ. "താങ്കൾ കഴിക്കുമെന്ന് എനിക്കുറപ്പുണ്ട്." അയാൾക്ക് രാവിലെ രണ്ടെണ്ണം കഴിച്ചില്ലെങ്കിൽ മല കയറാനല്ല, ഒരടി ഇനി നടക്കാൻകൂടി ആവുമെന്ന് തോന്നുന്നില്ല. ഞാൻ പറഞ്ഞു "കഴിക്കാറുണ്ട്. പക്ഷേ ഈ ദിവസങ്ങളിലില്ല." കൃഷ്ണപ്രസാദ് ആകെ നിരാശനായി. ഞങ്ങൾ അങ്ങനെ കൈ കൊടുത്തു പിരിഞ്ഞു. മദ്യമില്ലാതെ കുടജാദ്രി മലകയറാൻ കഴിയില്ലാത്ത സ്നേഹിതാ, പിരിയാം!

മൂകാംബികക്ഷേത്രത്തിലെ പുനരുദ്ധാരണപ്രവർത്തനങ്ങൾ ധൃതിയിൽ നടക്കുന്നു. നാലുപാടും നീണ്ട ക്യൂ. ദർശനത്തിന് എല്ലാം തന്നെ മലയാളികൾ. തവിട്ടുനിറമുള്ള മുണ്ടുടുത്ത പുരോഹിതന്മാർ. ഒരു പല്ലക്കും എന്തോ വാദ്യങ്ങളുമായി പുരോഹിതന്മാരുടെ ഒരു സംഘം മൂന്നു വട്ടം പ്രദക്ഷിണം വച്ചു. കുട്ടികൾ തിരക്കിട്ടു നടക്കുന്നു. കാണുന്നിടത്തൊക്കെ അമ്മമാരെ അനുകരിച്ച് നമസ്കരിക്കുന്നു. കുട്ടികളുടെ അനുകരണഭ്രമം. നമസ്കരിച്ചുകൊണ്ടു തന്നെ വീണ്ടും എന്താണുചെയ്യേണ്ടതെന്ന് ശ്രദ്ധിക്കുന്നു. തിരക്കിൽ, വിയർത്ത ശരീരസ്പർശനങ്ങൾ സ്വീകരിച്ച്, വരിനിന്ന് മൂകാംബികാദേവിയെ തൊഴുതു. ഒറ്റപ്രാർത്ഥന: മറ്റുള്ളവർക്ക് കൊടുക്കുന്നതിൽനിന്നും അധികമായി ഒന്നും തരരുതേ. തിരക്കിൽ നിന്നിറങ്ങി, സരസ്വതീമണ്ഡപത്തിൽ എത്തി. തീറ്റയുടെ അധികഭാരം കൊണ്ട് ചീർത്ത കുട്ടികൾ അരിയിലെഴുതുന്നു. നീണ്ടുണങ്ങിയ മഞ്ഞൾക്കഷണമാണ് എഴുതാനുപയോഗിക്കുന്നത്. പൂ ചിതറിക്കിടക്കുന്ന അരി നിറച്ച വാവട്ടമുള്ള പാത്രം. തീരെ ചെറിയ കുഞ്ഞുങ്ങൾ മുതൽ കുറച്ചുകൂടി മുതിർന്ന കുട്ടികൾ വരെ എഴുതുന്നുണ്ട്. ദക്ഷിണയായി കിട്ടുന്ന പണമൊക്കെ അടുത്തുവച്ചിട്ടുണ്ട് ആ പുരോഹിതൻ. ഞാൻ കളരിയിൽ പോയി പഠിച്ചിട്ടില്ല. നേരെ ആറാം വയസ്സിൽ സ്കൂളിലേക്കാണ് വന്നത്. കന്യാസ്ത്രീകളായ അമ്മമാരാണ് സ്ലേറ്റിലെഴുതി പഠിപ്പിച്ച് അനുഗ്രഹിച്ചത്. ബിയാട്രീസ് അമ്മയുടെ വൃദ്ധമായ വിരലുകൾ വിറയാർന്ന് എന്നും എന്റെ ശിരസ്സിൽ വിശ്രമിക്കുന്നുണ്ട്. അതിനും മുമ്പ് എന്റെയും നാവിലെഴുതിയിട്ടുണ്ട്; എന്റെ മുത്തച്ഛൻ. നാട്ടിലെ ഏറ്റവും പേരെടുത്ത നിലത്തെഴുത്താശ്ശാൻ. ആശാന്റെ പേരക്കുട്ടി എന്ന ഒറ്റ പരിചയപ്പെടുത്തലേ എനിക്കെന്നും അവിടെ വേണ്ടിവരാറുള്ളൂ. നാവിലെഴുതിയെങ്കിലും പിന്നീടെന്നെ മുത്തച്ഛൻ അധികം പഠിപ്പിച്ചിട്ടില്ല. നിലത്തെഴുത്തുകളരിയിൽ പോയിരുന്നിട്ടില്ല. സന്ധ്യാനേരങ്ങളിൽ മുത്തച്ഛൻ ചൊല്ലിത്തന്ന ശ്ലോകങ്ങളും നേർവഴിമൊഴികളും അടുക്കളജോലികൾക്കിടയിൽ മുത്തശ്ശി പറഞ്ഞുവന്ന സദ്വാർത്തകളുമാണ് എനിക്കുള്ള അറിവ്. പിന്നെ കന്യാസ്ത്രീകളുടെ കാരുണ്യവും ലോകസ്നേഹവും 'സ്നേഹസേന'എന്ന പുസ്തകത്തിലെ കഥകളും. എന്റെയുള്ളിൽ ഒരു കുഞ്ഞുണ്ട്. സദാ നാവുനീട്ടി ഒരു മോതിരത്തണുപ്പിനായി ജ്ഞാനിയുടെ മുന്നിൽ ചമ്രം പടിഞ്ഞിരിക്കുന്ന കുഞ്ഞ്. എന്നുമെന്നും എനിക്ക് നാവിലെഴുതിക്കിട്ടിയിരുന്നെങ്കിൽ, ഒരേ സമയം മൂന്നും നാലും പേരെ എഴുതിക്കുന്ന പുരോഹിതനോട് ഞാൻ ചോദിച്ചു "മുതിർന്നവർക്കും ഇതിലെഴുതാമോ?" അദ്ദേഹം ശിരസ്സുകൊണ്ട് കാത്തുനിൽക്കാൻ പറഞ്ഞു ഞാൻ അക്ഷമയില്ലാതെ ദൂരെ മാറി കാത്തുനിന്നു. ഏറെ നേരം കഴിഞ്ഞ് അദ്ദേഹമെന്നോട് ഇരിക്കാൻ പറഞ്ഞു. ഞാൻ ചമ്രം പടിഞ്ഞിരുന്നു. താടി വളർന്നിട്ടില്ലാത്ത, മനസ്സ് കളങ്കപ്പെട്ടിട്ടില്ലാത്ത ഒരുണ്ണിയായി ഞാൻ ഭാരമില്ലാത്തവനായി. അദ്ദേഹം എന്റെ മടിയിൽ തളിക വച്ചുതന്നു, മഞ്ഞളും.(തമിഴ്നാട്ടുകാരന്റെ ഏറ്റവും വിശുദ്ധമായ താലി എന്നത് ഒരു കഷണം മഞ്ഞളാണ്) അദ്ദേഹം ഉരുവിട്ടുതന്നു, കന്നട കലർന്ന മലയാളച്ചുവയുള്ള മന്ത്രം. ഞാൻ എഴുതി. പറഞ്ഞതു മുഴുവൻ. അദ്ദേഹം എന്റെ തലയിൽ പൂവിട്ട് നെറ്റിയിൽ അമർത്തി ഒരു കുറി വരച്ചു. ദക്ഷിണകൊടുത്ത് ഞാനെഴുന്നേറ്റു. താമരപ്പൂവിലിരിക്കുന്ന വിദ്യാദേവതയുടെ ചിത്രം കണ്ടു. പിന്നെ എനിക്കു പിന്നിൽ വിദ്യയുടെ അനുഗ്രഹം തേടാൻ കാത്തുനിൽക്കുന്നവർക്കായി ഞാൻ വഴി മാറി.

(തുടരും)